# നഗരത്തിൽ കഞ്ചാവ് എത്തിക്കുന്ന സംഘത്തിലെ പ്രധാനി പിടിയിൽ

തിരുവനന്തപുരം● നഗരത്തിലെ കഞ്ചാവ് കച്ചവടക്കാർക്കു മൊത്തമായി കഞ്ചാവ് എത്തിക്കുന്ന സംഘത്തിലെ പ്രധാനി തേനി ഗൂഡല്ലൂർ സ്വദേശി വനരാജ് (53) കൊച്ചുവേളി പുതിയ റെയിൽവേ സ്റ്റേഷനു സമീപംവച്ചു സിറ്റി ഷാഡോ പൊലീസിന്റെ പിടിയിലായി. പേട്ട പൊലീസ് കേസെടുത്തു. നഗരത്തിൽ കഞ്ചാവ് എത്തിക്കുന്ന മൊത്തവിതരണ ശൃംഖലയെക്കുറിച്ചു പൊലീസ് നടത്തിവരുന്ന അന്വേഷണത്തിനിടയിലാണ് ഇയാൾ പിടിയിലായത്.



വനരാജ്

നഗരത്തിലെ കോളജുകളും സ്കൂളുകളും കേന്ദ്രീകരിച്ചു കഞ്ചാവ് വിൽപന നടത്തുന്ന സംഘങ്ങളെക്കുറിച്ചു പൊലീസ് അന്വേഷണം നടത്തിവരികയായിരുന്നു. ഇതിൽ പിടിയിലായ ചിലരിൽ നിന്നാണ്, തമിഴ്നാട്ടിൽ നിന്നു കഞ്ചാവ് എത്തിക്കുന്ന സംഘത്തെക്കുറിച്ചു വിവരം കിട്ടിയത്. തുടർന്നു പൊലീസ് നടത്തിയ നീക്കമാണു വനരാജിനെ പിടികൂടാൻ സഹായിച്ചത്.

ഇയാൾ തമിഴ്നാട്ടിലെ കമ്പം, തേനി, ഉസലാംപെട്ടി തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ കഞ്ചാവ് കച്ചവടക്കാരുടെ ഏജന്റായും പ്രവർത്തിച്ചിരുന്നതായി പൊലീസിനു വിവരം ലഭിച്ചിട്ടുണ്ട്.

ആന്ധ്രയിൽ നിന്നു വളരെ കുറഞ്ഞ വിലയ്ക്കു കഞ്ചാവ് വാങ്ങുന്ന ഇയാൾ കിലോയ്ക്കു 15,000 രൂപയ്ക്കാണ് ഇവിടെയുള്ള കച്ചവടക്കാർക്കു നൽകിയിരുന്നത്. ഇയാളിൽ നിന്ന് ഇവിടെയുള്ള ചില പ്രധാന സംഘങ്ങളെക്കുറിച്ചു വിവരം ലഭിച്ചിട്ടുണ്ടെന്നും പൊലീസ് അറിയിച്ചു.

കൺട്രോൾ റൂം അസി. കമ്മിഷണർ വി. സുരേഷ്കുമാർ, ശംഖുമുഖം എസിപി മഹേഷ്കുമാർ, പേട്ട സിഐ: എസ്.വൈ. സുരേഷ്, എസ്.ഐ. ചന്ദ്രബോസ്, ഷാഡോ എസ്ഐ സുനിൽലാൽ, സിറ്റി ഷാഡോ പൊലീസ് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട സംഘമാണ് ഇയാളെ പിടികൂടിയത്.